>> കാഴ്ചപ്പാട്

റാശിദുൽ ഗനൂശി

# ഇങ്ങനെയെങ്കിൽ ഇസ്‌ലാം എങ്ങനെ പരിഹാരമാവും?

**ഒട്ടനവധി** ആഭ്യന്തര പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട് ലോക മുസ്‌ലിംകൾ. അവയിൽ മുൻപന്തിയിൽ നിൽക്കുന്നത് ഭരണ സ്വേഛാധിപത്യം, അഭിപ്രായ സ്വേഛാധിപത്യം, വിഭവകൈയേറ്റം എന്നിവയാണ്. ഇന്ന് നാം കാണുന്ന വിവിധ വിഭാഗങ്ങൾ തമ്മിലുള്ള ചേരിതിരിഞ്ഞ പോര് അഭിപ്രായ സ്വേഛാധിപത്യത്തിന്റെ ഒരിനം മാത്രമാണ്. ദീനിന്റെ യഥാർഥ ഉള്ളടക്കം തങ്ങളുടെ കൈവശമേ ഉള്ളൂ എന്ന് ഓരോ വിഭാഗവും അടിയുറച്ച് വിശ്വസിക്കുന്നു. തങ്ങളുടെ ഗ്രൂപ്പിൽ പെടാത്തവർ അവിശ്വാസികളായിപ്പോയെന്നും അതിനാൽ അവരോട് യാതൊരു തരത്തിലുള്ള സ്നേഹ സാഹോദര്യബന്ധങ്ങളും വേണ്ടതില്ലെന്നും വിധിയെഴുതുന്നു. ചരിത്രത്തിന് ഒട്ടേറെ ശ്രദ്ധേയമായ നാഗരിക സംഭാവനകൾ നൽകിയവരാണ് മുസ്‌ലിംകളെങ്കിലും ഒരു കാര്യം സമ്മതിച്ചേ പറ്റൂ. അധികാരത്തെച്ചൊല്ലിയും മറ്റും ഉണ്ടായ രാഷ്ട്രീയ ഭിന്നതകൾ സമാധാനപരമായി പരിഹരിക്കുന്നതിൽ അവർ കാര്യമായി വിജയിക്കുകയുണ്ടായില്ല; പ്രത്യേകിച്ച് സച്ചരിതരായ നാല് ഖലീഫമാർക്ക് ശേഷം. ശഹ്‌റസ്താനി എഴുതിയ പോലെ, ഇസ്‌ലാമിൽ ആദ്യമായി ഊരപ്പെട്ട വാൾ ഭരണാധികാരത്തെ ചൊല്ലിയായിരുന്നു.

മുസ്‌ലിംലോകത്തെ അധികാരത്തർക്കങ്ങൾ മതത്തിന്റെ ആവരണമണിഞ്ഞുകൊണ്ടാണ് സാധാരണ പ്രത്യപ്പെടാറ്. ഒരു മുസ്‌ലിമിന്റെ വ്യക്തിത്വത്തെ നിർണയിക്കുന്ന സുപ്രധാന ഘടകം മതം ആയതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇവരിൽ ഒരു വിഭാഗം മറുവിഭാഗത്തെ ആശയപരമായി നേരിടാനിറങ്ങുമ്പോൾ, എതിർവിഭാഗത്തിന്റെ ഇസ്‌ലാമിയ്യത്തിനെയും ആത്മാർഥതയെയും ചോദ്യം ചെയ്യാതെ ഒരു വർത്തമാനവും സാധ്യമല്ലെന്ന് വന്നിരിക്കുന്നു. അധികാരത്തെ ചുറ്റിപ്പറ്റിയുള്ള ഭിന്നതകൾ മതത്തിന്റെ വർണം സ്വീകരിക്കുമ്പോഴുള്ള കുഴപ്പമാണിത്. എതിർകക്ഷിയിൽ ഇസ്‌ലാമേ ഇല്ല എന്ന ശാഠ്യമാണ് ഓരോ കക്ഷിക്കും. കാഫിർ, വഴിതെറ്റിയവൻ, ഖുർആനിൽനിന്നും സുന്നത്തിൽനിന്നും സലഫുസ്സാലിഹുകളുടെ മാർഗത്തിൽനിന്നും പിന്തിരിഞ്ഞവൻ തുടങ്ങിയ ശകാരവിശേഷണങ്ങൾ തുടർന്ന് വരുന്നു. ഇസ്‌ലാം നേരിടുന്ന ഏറ്റവും വലിയ ഭീഷണി എതിർവിഭാഗത്തിന്റെ ഈ 'വഴിതെറ്റൽ' ആണ്! അവരെ നാമാവശേഷമാക്കിയില്ലെങ്കിൽ ഇസ്‌ലാം അപകടത്തിൽ!

ഖുലഫാഉർറാശിദുകൾക്ക് ശേഷം മുസ്‌ലിം ചരിത്രത്തിലുണ്ടായ രാഷ്ട്രീയ ഭിന്നതകൾ വാളുകൊണ്ട് കൈകാര്യം ചെയ്യപ്പെടാൻ തുടങ്ങിയത് ഇങ്ങനെയാണ്. പ്രശ്നങ്ങൾ സമാധാനപരമായി കൈകാര്യം ചെയ്യാൻ പറ്റുന്ന ഒരു മെക്കാനിസം വളർത്തിക്കൊണ്ട് വരുന്നതിൽ മുസ്‌ലിം സമൂഹം പരാജയപ്പെട്ടു. മറ്റൊരു ചിത്രമാണ് പാശ്ചാത്യ ലോകം നൽകുന്നത്. നൂറ്റാണ്ടുകളോളം മതയുദ്ധങ്ങൾകൊണ്ട് പൊറുതിമുട്ടിയ പാശ്ചാത്യർ മതത്തെ ഒരു ഭാഗത്തേക്ക് തള്ളിമാറ്റി, വ്യക്തിയുടെ സ്വകാര്യതയിൽ അതിനെ ഒതുക്കി. പിന്നെ തുല്യ പൗരത്വത്തിന്റെയും ജനാധിപത്യ സംവിധാനങ്ങളുടെയും പിൻബലത്തിൽ വ്യത്യസ്ത മതവർഗങ്ങൾക്ക് ഒന്നിച്ച് ജീവിക്കാനുള്ള ഒരു ചട്ടക്കൂട് വികസിപ്പിച്ചെടുത്തു. കൂടിയിരുന്ന് ചർച്ചയിലൂടെ പ്രശ്നപരിഹാരത്തിന് ശ്രമിച്ചു. വംശീയ-പ്രാദേ

ശിക യുദ്ധങ്ങൾക്ക് കടിഞ്ഞാണിട്ടു. തിളക്കമാർന്ന നാഗരിക സംഭാവനകളിലൂടെ ലോകത്തിന്റെ സാരഥ്യത്തിലേക്ക് അവർ എത്തിപ്പെട്ടത് അങ്ങനെയാണ്.

മുസ്‌ലിം ലോകത്ത് മറ്റൊന്നാണ് സംഭവിച്ചത്. ഭരണത്തെച്ചൊല്ലിയുള്ള പോരാട്ടങ്ങൾ അവിടെ ഏകാധിപത്യ പ്രവണതകളെ ഇല്ലായ്മ ചെയ്യുന്ന ഒരു ഭരണഘടനാ സംവിധാനത്തിലേക്ക് വളർന്നില്ല; പരിഷ്കർത്താക്കൾ അതിനു വേണ്ടി യത്നിച്ചിരുന്നുവെങ്കിലും. ഈജിപ്ഷ്യൻ പരിഷ്കർത്താവ് അബ്ദുർറഹ്മാൻ കവാകിബി പറഞ്ഞു: "നമ്മുടെ സമൂഹത്തിന്റെ എല്ലാ രോഗങ്ങൾക്കും അടിസ്ഥാന കാരണം രാഷ്ട്രീയ സ്വേഛാധിപത്യമാണ് എന്നെനിക്ക് ഉറപ്പുണ്ട്. ഭരണഘടനാ സംവിധാനമാണ് ഇതിനുള്ള മറുമരുന്ന്." മൊത്തം സമുദായത്തിന്റെ, പ്രത്യേകിച്ച് അറബ് ലോകത്തിന്റെ മുതുകിൽ അള്ളിപ്പിടിച്ച് കിടക്കുന്നത് രാഷ്ട്രീയ ഏകാധിപത്യമാണ്. ഇതിനെ സംരക്ഷിച്ച് നിർത്തുന്നതാകട്ടെ പാശ്ചാത്യ ഭരണകൂടങ്ങളും. എന്നാൽ മുസ്‌ലിം ലോകത്തെ പ്രതിപക്ഷത്തിന് ഏകാധിപതികൾക്കെതിരെ ഒറ്റക്കെട്ടായ ഒരു സമരനിര കെട്ടിപ്പടുക്കാനും സാധിച്ചില്ല. താൽപര്യങ്ങളും ആശയഭിന്നതകളും ആ സമരനിരയെ ശിഥിലമാക്കി.

വിവിധ മതകീയ ഗ്രൂപ്പുകളും ഈ അധികാരത്തർക്കങ്ങളിൽ പങ്കാളികളായിരുന്നു. പഴയ കാലത്തും ഇപ്പോഴും. രാഷ്ട്രീയം ഇസ്‌ലാമിന്റെ ഒരു ഭാഗമാണല്ലോ. പോരടിക്കുന്ന ഗ്രൂപ്പുകൾ പ്രത്യക്ഷപ്പെട്ടിരുന്നത് ദീനീ കുപ്പായങ്ങളിലായിരുന്നു എന്നു മാത്രം. ഇസ്‌ലാമിന്റെ പരിശുദ്ധിയും പവിത്രതയും തങ്ങളിലേ ഉള്ളൂ എന്ന് ഓരോ ഗ്രൂപ്പും വാദിച്ചു; പ്രതിയോഗികളിൽ ഇസ്‌ലാമികമായ ഗുണങ്ങളൊന്നും ഇല്ലെന്നും. സ്വാഭാവികമായും ഈ ഗ്രൂപ്പുകൾക്ക് ജനാധിപത്യരീതികൾ അന്യമായിരുന്നു.

മതകീയ ബഹുസ്വരതയെ അംഗീകരിക്കുക എന്നതാണ് നമ്മുടെ മുമ്പിലുള്ള മാർഗം. ബഹുസ്വരത ഇസ്‌ലാമിൽ തന്നെയുള്ളതും കാലങ്ങളോളം യാഥാർഥ്യമായി പുലർന്നതുമാണല്ലോ. അത് മുസ്‌ലിം സമുദായത്തിന്റെ ആഭ്യന്തര രംഗത്തും പ്രയോഗവത്കരിക്കുക. മുമ്പുണ്ടായിരുന്നതുപോലെ ചിന്താ പ്രസ്ഥാനങ്ങളെ (മദ്ഹബുകൾ) അംഗീകരിക്കുന്നതിൽ മാത്രമായി ഒതുങ്ങരുത് അത് (നമ്മുടെ അതിനിർഭാഗ്യകരമായ ഈ കാലത്ത് അതിനു പോലും വിലക്ക് വീണിരിക്കുന്നു). ഇസ്‌ലാമിക രാഷ്ട്രീയത്തിന്റെ തന്നെ ബഹുസ്വരതയാണ് അംഗീകരിക്കപ്പെടേണ്ടത്. ഇസ്‌ലാമിൽനിന്ന് ഉത്ഭൂതമാവുന്ന വിവിധ രാഷ്ട്രീയ മാതൃകകളെ അംഗീകരിക്കാൻ തയാറാവണം. ഇവ പരസ്പരം ആരോഗ്യകരമായ മത്സരം നടത്തട്ടെ. ഇസ്‌ലാം തങ്ങളുടെ  കുത്തകയാണെന്നോ തങ്ങൾ മാത്രമാണ് ഇസ്‌ലാമിന്റെ വക്താക്കളെന്നോ ശഠിക്കാതെയാവണം ഈ മത്സരം. ഇസ്‌ലാമിൽ ചർച്ച് ഇല്ലാത്തതുകൊണ്ട്, ഇസ്‌ലാമിന്റെ ഒരേയൊരു ഔദ്യോഗിക വക്താവാകാൻ ഒരു വിഭാഗത്തിനും അവകാശമില്ലാത്തതുകൊണ്ട് വിവിധ വിഭാഗങ്ങൾ സഹവർത്തിത്വത്തോടെ കഴിയുന്ന ഒരു ചുറ്റുപാട് സൃഷ്ടിക്കാൻ കഴിയേണ്ടതാണ്. തുല്യ പൗരന്മാരെന്ന പരിഗണന എല്ലാവർക്കും കിട്ടണം. ഈ വിശാല മനസ്സിനേ വിഭാഗീയ കലാപങ്ങൾക്ക് അറുതിവരുത്താനാവൂ. വിഭാഗീയ കലാപങ്ങൾ അറ്റമില്ലാതെ തുടരുന്ന ഒരു സമൂഹത്തിനും യാതൊരു പുരോഗതിയും സാധ്യമല്ല; ശത്രുവിനെതിരെ വിജയിക്കാനും അതിന് കഴിയില്ല.

ഒറ്റ നോട്ടത്തിൽ ഇറാഖിലും പാകിസ്താനിലും യമനിലും നടക്കുന്നത് സുന്നി-ശീഈ മത സംഘട്ടനങ്ങളാണെന്ന് തോന്നാം. യമനിലെ ഭരണകൂടവും അവിടത്തെ ഹൗഥി കലാപകാരികളും തമ്മിൽ നടക്കുന്ന സംഘട്ടനങ്ങൾ സുന്നികളും സൈദി ശീഈകളും തമ്മിലുള്ള പോര് തന്നെയല്ലേ എന്ന് ആരും സംശയിക്കും. ഇരു വിഭാഗവും അതിനെ ചിത്രീകരിക്കുന്നതും അങ്ങനെത്തന്നെ. യഥാർഥത്തിൽ യമനിൽ നടക്കുന്നത് അധികാരത്തിനും വിഭവങ്ങൾക്കും വേണ്ടിയുള്ള സംഘട്ടനമാണ്. ഒരു വിഭാഗം കാലങ്ങളായി അധികാരവും വിഭവങ്ങളും കുത്തകയാക്കി വെച്ചതാണ് അതിന് കാരണം. തെക്കൻ യമനിൽ രൂപപ്പെട്ട് വരുന്ന പ്രക്ഷോഭമുന്നണി അതിന്റെ തെളിവാണ്. ഈ ജനകീയ മുന്നണിയിൽ എല്ലാവരുമുണ്ട്, സുന്നികളും ശീഈകളും നാസിറിസ്റ്റുകളും സോഷ്യലിസ്റ്റുകളുമെല്ലാം. ഇതൊരു ഹൗഥി കലാപമായി ചുരുക്കിക്കാണാൻ കഴിയില്ല. സുന്നി-ശീഈ സംഘട്ടനങ്ങളെന്ന് തോന്നുന്ന പലതും രാഷ്ട്രീയ സംഘട്ടനങ്ങളാണ് എന്നാണ് പറഞ്ഞ് വന്നതിന്റെ ചുരുക്കം; ആ രാഷ്ട്രീയ വശം ഇരു കൂട്ടരും പലപ്പോഴും സമ്മതിക്കാൻ കൂട്ടാക്കാറില്ലെങ്കിലും.

സുന്നി-ശീഈ എന്ന് പറയപ്പെടുന്ന സംഘട്ടനം മാത്രമല്ല സമുദായത്തെ ശിഥിലമാക്കുന്നത്. ചില വിഭാഗങ്ങൾക്ക് ശത്രുവാര്, മിത്രമാര് എന്ന് തിരിച്ചറിയാൻ കഴിയാത്ത പ്രശ്നമുണ്ട്. അക്ഷരപൂ

ജകരായ ചില തീവ്രവാദി ഗ്രൂപ്പുകൾ പറയുന്നത്, സമുദായത്തിലെ തന്നെ ചില വിഭാഗങ്ങളേക്കാൾ തങ്ങൾക്കിഷ്ടം ഇസ്രയേലിനെപ്പോലുള്ള അധിനിവിഷ്ട ശക്തികളോടാണ് എന്നാണ്. താഴോട്ട്, സമുദായൈക്യത്തെ തുരങ്കം വെക്കുന്ന സംഘട്ടനങ്ങൾ വേറെയും നടക്കുന്നു. സലഫി-സൂഫി സംഘട്ടനം ഉദാഹരണം.

ആരാധനാനുഷ്ഠാനങ്ങളിൽ ധാരാളം പുതുനിർമിതികൾ കൊണ്ടുവരുന്നു, മിക്ക പ്രവാചകാനുയായികളെയും അധിക്ഷേപിക്കുന്നു തുടങ്ങിയ കാരണങ്ങളാൽ ശീഈ പോലുള്ള വിഭാഗങ്ങളെ ഇസ്‌ലാമിന് പുറത്ത് നിർത്തുന്ന ഗ്രൂപ്പുകൾ ഉണ്ട്. ഈ പുറത്താക്കൽ/ കാഫിറാക്കൽ ഇവിടം കൊണ്ട് അവസാനിക്കില്ല എന്നാണ് അനുഭവം നമ്മെ പഠിപ്പിക്കുന്നത്. കാഫിറാക്കൽ പതിവാക്കിയ ഗ്രൂപ്പുകളുടെ മാനസിക ചക്രവാളം കൂടുതൽ കൂടുതൽ ഇടുങ്ങിക്കൊണ്ടേയിരിക്കും. പിന്നെയവർ സുന്നികളിൽതന്നെ പെട്ട സൂഫി വിഭാഗങ്ങളെ കാഫിറാക്കാൻ തുടങ്ങും. ബിദ്അത്തുകൾ (പുതുനിർമിതികൾ) ഉണ്ടെന്ന് ആരോപിച്ചാവും സമുദായത്തിലെ ഭൂരിപക്ഷം വരുന്ന ഈ വിഭാഗങ്ങളെ കാഫിർ പട്ടികയിൽ പെടുത്തുക. പിറ്റേ ദിവസം സുന്നികളിലെ മറ്റൊരു ഗ്രൂപ്പ് മദ്ഹബുകളിലൊന്ന് പിൻപറ്റാത്തവർ ഇസ്‌ലാമിന് പുറത്ത് എന്ന് വിളിച്ചു പറയും.

ഇങ്ങനെ സങ്കുചിതത്വത്തിന്റെയും അഭിപ്രായ സ്വേഛാധിപത്യത്തിന്റെയും അർബുദം സമുദായ ഗാത്രമൊന്നാകെ പടരുകയും അർബുദം ബാധിക്കാത്ത ഒരു വിഭാഗവും സമുദായത്തിൽ ഇല്ലാതെ വരികയും ചെയ്യും. യഥാർഥ ശത്രുവിനെ ഇവർക്കെങ്ങനെ നേരിടാൻ കഴിയും? സർവത്ര നാശം വിതക്കുന്ന ഈ അപകടകരമായ നിലപാട്, ബഹുസ്വരതയെക്കുറിച്ചും വൈജാത്യത്തെക്കുറിച്ചുമുള്ള ദൈവത്തിന്റെ പ്രാപഞ്ചിക നടപടിക്രമം മനസ്സിലാക്കാത്തതുകൊണ്ട് വന്നുപെട്ടതാണ്. ദൈവം ഉദ്ദേശിച്ചിരുന്നുവെങ്കിൽ മനുഷ്യരെ ഒറ്റ സമുദായമാക്കുമായിരുന്നെന്നും എന്നാലവർ വ്യത്യസ്തരായി ചരിക്കട്ടെ എന്നാണ് ദൈവേഛയെന്നും ഖുർആൻ (*ഹൂദ്* 117) വ്യക്തമാക്കുന്നുണ്ട്.

ഇങ്ങനെ പല പല ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പരം കാഫിറാക്കാൻ മെനക്കെട്ടാൽ, ഇസ്‌ലാമാണ് പരിഹാരം എന്ന മുദ്രാവാക്യത്തിന് ഒരർഥവുമുണ്ടാവില്ല. അങ്ങനെയാവുമ്പോൾ, പാശ്ചാത്യ നാടുകളിലേത് പോലെ മതേതരത്വം ആയിത്തീരും പരിഹാരം- ഈ ശുദ്ധ മതവിരുദ്ധ മതേതരത്വം കുടുംബത്തിലും ധാർമികതയിലും പ്രകൃതിയിലും അന്താരാഷ്ട്ര ബന്ധങ്ങളിലും കൊടുങ്കാറ്റ് വിതക്കുമെങ്കിലും. മതപ്പോരിന് ഇതേ പരിഹാരമുള്ളൂ എന്ന അവസ്ഥ വന്നു ചേരും. ഇറാഖിലിപ്പോൾ സംഭവിക്കുന്നത് അതാണ്. ഇസ്‌ലാമിക കക്ഷികൾ അവിടെ വിഭാഗീയമായി വെവ്വേറെ സംഘടിച്ചു. ആദ്യം ശീഈകളും സുന്നികളും തമ്മിൽ പോരടിച്ചു. പിന്നെ സുന്നികൾ തമ്മിൽ തമ്മിലും ശീഈകൾ തമ്മിൽ തമ്മിലുമായി സംഘട്ടനം. ശീഈ, സുന്നി, കുർദ് ഭേദമില്ലാതെ ഇസ്‌ലാമിക കക്ഷികളെ ഒരേ ചരടിൽ കോർക്കാനുള്ള സമവാക്യം വികസിപ്പിച്ചെടുക്കാൻ ഇസ്‌ലാമിക ചിന്തക്ക് കഴിയാതെ പോയി. ഇറാഖിലെ പഴയ ബഅ്സ് പാർട്ടി തനി ഏകാധിപത്യ സ്വഭാവത്തിലുള്ളതായിരുന്നുവെങ്കിലും ഈ വ്യത്യസ്ത വിഭാഗങ്ങളെ ഉൾക്കൊള്ളാൻ കുറെയൊക്കെ അതിന് കഴിഞ്ഞിരുന്നു. വളരെ ദുഃഖകരമാണ് ഈ സ്ഥിതിവിശേഷം.

രാഷ്ട്രത്തിലെ എല്ലാ വിഭാഗം പൗരന്മാരെയും അഭിസംബോധന ചെയ്യാൻ പറ്റുന്ന ഒരു പ്ലാറ്റ്ഫോമിന് രൂപം നൽകാൻ കഴിയാത്തേടത്തോളം കാലം ഇസ്‌ലാമിക ചിന്ത സെക്യുലർ ചിന്തക്ക് പിറകിൽ നിൽക്കേണ്ടിവരും. നാൽപതുകളിൽ ഇറാഖിലെ ഇസ്‌ലാമിക കക്ഷി (അൽഹിസ്ബുൽ ഇസ്‌ലാമി) സുന്നികളെയും ശീഈകളെയും കുർദുകളെയുമെല്ലാം ഉൾക്കൊണ്ടിരുന്നു. ഇന്ന് എന്തുകൊണ്ട് കഴിയുന്നില്ല? ഇമാം ഹസനുൽ ബന്നായുടെ അടുത്ത ഉപദേഷ്ടാക്കളിൽ കോപ്റ്റിക് ക്രിസ്ത്യാനികളുണ്ടായിരുന്നു. അത് ഇന്നെന്തുകൊണ്ട് സംഭവിക്കുന്നില്ല? ■